മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: കണക്കുവെച്ചിട്ടില്ലെങ്കിൽ കണക്കുവെയ്ക്കാൻ പറയാനുള്ള അധികാരമുണ്ട്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: വില്പനനികുതി പിരിക്കുന്ന പലരും വാസ്തവത്തിൽ ലാഭമുണ്ടാക്കുന്നുണ്ട് എന്നുള്ള കാര്യം ഗവണ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: അറിവില്ല.

മിസ്റ്റർ വി. കെ. ജോസഫ്: കണക്കുവെയ്ക്കാത്ത കച്ചവടക്കാരെ വില്പനനികുതി ചുമത്തുന്നതു് ഏതു അടിസ്ഥാനത്തിലാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആദായനികുതിയുടെ കാര്യത്തിലും സെയിൽസ് ടാക്സിന്റെ കാര്യത്തിലും കച്ചവടക്കാർ സ്വരക്ഷയ്ക്കുവേണ്ടിയെങ്കിലും കണക്കുവെയ്ക്കാതെ ഇരിക്കുകയില്ല. കണക്കു വെയ്ക്കാത്തവരുടെ അടുക്കൽനിന്നും ഫ്ളാറ്റ് റേറ്റിൽ ടാക്സ് ചുമത്താൻമാത്രമെ നിവൃത്തിയുള്ളൂ.

മിസ്റ്റർ കോടനാട്ടു നാരായണൻ നമ്പൂതിരിപ്പാട്: കണക്കു വെക്കാത്തവരുടെ പക്കൽ നിന്നും ഒരു നിശ്ചിത സംഖ്യ പിരിക്കുകയാണ് പതിവെന്നാണു ഞാൻ ധരിച്ചിട്ടുള്ളതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻകം ടാക്സിൽനിന്നും, സെയിൽസ് ടാക്സിൽനിന്നും ഒഴിവാകാൻവേണ്ടി കച്ചവടക്കാർ കണക്കു വെയ്ക്കുകയില്ലായെന്നുള്ളതു ശരിയല്ല. അവരുടെ സ്വരക്ഷയ്ക്കുവേണ്ടിയെങ്കിലും അവർ കണക്കു വെയ്ക്കാതിരിക്കുകയില്ല. ഇൻകം ടാക്സ് ഉദ്യോഗസ്ഥന്മാർ ഈ കാര്യത്തിൽ കഴിയുന്നിടത്തോളം ശ്രദ്ധിക്കുന്നുണ്ട്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഏകദേശം ഇതിൽ എത്ര ഇവേഷൻ കേസുകൾ ഉണ്ടായിട്ടുണ്ട്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻകം ടാക്സിന്റെ കാര്യത്തിലും സെയിൽസ് ടാക്സിന്റെ കാര്യത്തിലും ഇവേഷൻ ഉണ്ടാകും എന്നുള്ളതു് ലോകപ്രസിദ്ധമാണ്.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: പുകയിലയ്ക്കു വില്പനനികുതി ചുമത്തുന്നുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പുകയില വില്പനനികുതിയിൽനിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല.

മിസ്റ്റർ എ. കെ. കുഞ്ഞിമൊയ്തീൻ: കച്ചവടക്കാർ സാമാനം വാങ്ങുന്നവർക്കു ബില്ലുകൾ കൊടുക്കണമെന്നു നിബ്ബന്ധിക്കാൻ പാടില്ല?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ നിർബ്ബന്ധിക്കുകയാണെങ്കിൽ ചെറുതരം കച്ചവടക്കാർക്കു വലിയ ബുദ്ധിമുട്ടായിരിക്കും. ഈ നികുതി ഈടാക്കേണ്ടതു കച്ചവടക്കാരുടെ ചുമതലയാണ്. അവർ അതു ബില്ലിൽ കാണിച്ചിട്ടുണ്ടാകും. കാണിച്ചാലും കാണിച്ചില്ലെങ്കിലും അവരുടെ മൊത്ത ആദായത്തിൽനിന്നു ഇതു കണ്ടുപിടിക്കുവാൻ സാധിക്കുന്നതാണ്.

മിസ്സ് ആനി ജോസഫ്: കണക്കുവെച്ചുകൊള്ളണമെന്നു നിബ്ബന്ധിക്കാൻ സാധിക്കുകയില്ല?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്വരക്ഷയ്ക്കുവേണ്ടിയെങ്കിലും അവർ കണക്കു വെയ്ക്കാതിരിക്കുകയില്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഒരു സാധനത്തിന്റെ നിശ്ചിത വിലയ്ക്കു പുറമെ ബില്ലിൽ സെയിൽസ് ടാക്സ് വേറെ ചേർത്തു വാങ്ങിക്കുന്നതായി ഗവണ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൊച്ചിയിൽമാത്രമല്ല മറ്റെവിടെയും അങ്ങിനെയാണ് ചെയ്യുന്നതു്.

AMOUNT COLLECTED FROM THE PARTIES—AUCTION SALE UNDER REVENUE RECOVERY ACT—PARTICULARS OF

23. (231) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) ലാൻഡ് റവന്യൂ റിക്കവറി ആക്ട് പ്രകാരം സർക്കാരിൽനിന്നും സർക്കാർപണം ഈടാക്കുവാൻ നടത്തുന്ന ലേല നടപടികൾക്കു കക്ഷികളിൽനിന്നു വസൂലാക്കുന്ന ചിലവു് എന്തു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാലിയം എസ്റ്റേറ്റിലേക്ക വസൂലാവാനുള്ള കടിശ്ശികകൾക്ക ലാൻറ് റവന്യൂ ആക്ട് പ്രകാരം നടത്തുന്ന നടപടികൾക്ക കക്ഷികളിൽനിന്ന വസൂലാക്കുന്ന ചിലവ് എത്ര?

മിസ്റ്റർ കെ. അയ്യപ്പൻ :

(എ) റവന്യൂ റിക്കവറി ആക്ടിൽ പറയുന്ന പ്രോസസ്സ് നോട്ടീസുകൾ ഓരോന്നിനും ഫണ. വീതം ബന്ധ കക്ഷികളിൽനിന്നും വസൂലാക്കും.

(ബി) മേൽപറഞ്ഞ ബന്ധക്കുംപുറമെ ജപ്തിനോട്ടീസും ലേല പരസ്യവും ഗസറ്റിൽ പ്രസിദ്ധംചെയ്യുന്നതിനുള്ള പരസ്യച്ചെലവുംകൂടി കക്ഷികളിൽനിന്നും വസൂലാക്കും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഗവമെണ്ടിനു കിട്ടാനുള്ള കടിശ്ശിക നടപടിക ളിൽ ലേലപരസ്യവും ജപ്തിനോട്ടീസും ഗസറ്റിൽ പ്രസിദ്ധപ്പെടുത്താറില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: പരസ്യം ചെയ്യാറുണ്ട്.

മിസ്റ്റർ വി. കെ. ജോസഫ്: റവന്യൂ റിക്കവറി ആക്ട് പ്രകാരം പ്രോസസ്സ് നോ ട്ടീസ്സിൽ ജപ്തി നോട്ടീസ്സ് ഉൾപ്പെടുകയില്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉൾപ്പെടും.

മിസ്റ്റർ വി. കെ. ജോസഫ്: അങ്ങിനെയിരിക്കെ B എന്ന ഉത്തരത്തിൽ "മേല്പറഞ്ഞ ബന്ധങ്ങൾപുറമെ ജപ്തിനോട്ടീസും ലേലപരസ്യവും ഗസറ്റിൽ പ്രസിദ്ധംചെയ്യുന്നതിനുള്ള പ രസ്യച്ചെലവുംകൂടി കക്ഷികളിൽനിന്ന വസൂലാക്കും" എന്ന പറഞ്ഞിട്ടുണ്ട്. അപ്പോൾ പ്രോസസ് നോട്ടീസ്സിനു ഇതാക്കുന്നതിനുപുറമെ ജപ്തിനോട്ടീസിനും ബന്ധ കക്ഷികളിൽ നിന്ന വസൂൽചെയ്യുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ൨ ൦ വരിവരെ മുദ്ര ൧½ അണയുണ്ടായിരുന്നതു് ഇപ്പോൾ രണ്ടണവീതം ഈടാക്കുന്നുണ്ട്. ഇതിൻെറ ഇരട്ടിയാണ് മറവുള്ളവരിൽനിന്നും ഈടാക്ക ന്നതു്.

മിസ്റ്റർ വി. കെ. ജോസഫ്: ലേലപരസ്യത്തിൽ ഈ തുകയുംകൂടി കാണിക്കുക പതി വുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ പി. കെ. ഡിവർ: റവന്യൂ റിക്കവറി ആക്ട് പ്രകാരം പാലിയത്തേക്ക പണം പിരിച്ചു കൊടുക്കുന്നതിനു് ഗവമെണ്ടിലേക്ക പ്രത്യേകം വല്ല ഫീയവുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പാലിയം എസ്റ്റേറ്റ ഗവമെണ്ടുമായോ "മെ ണ്ടിൽ വന്നതിനുശേഷം ഒരു കമ്മിഷൻ വാങ്ങിക്കുന്നുണ്ടെന്നാണ് എൻെറ ഓർമ്മ.

മിസ്റ്റർ പി. കെ. ഡിവർ: റവന്യൂ റിക്കവറി ആക്ട് പ്രകാരം പാലിയത്തേക്ക പണം പിരിച്ചു കൊടുക്കുന്നതിനു എന്തെങ്കിലും പ്രത്യേകം തുക ഗവമെണ്ടു വസൂലാക്കുന്നുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡിവർ: പാലിയം എസ്റ്റേറ്റിൽനിന്ന കേസ്സുകൊടുത്തു പിരിക്കുക യാണെങ്കിൽ ഗവമെണ്ടിലേക്ക കോടതിഫീസുവകയായും മറ്റും കുറെ പണം കിട്ടാൻ വഴി യില്ലെ?

മിസ്റ്റർ കെ. അയ്യപ്പൻ: അങ്ങിനെ പണം ഉണ്ടാക്കണമെന്നല്ല ഉദ്ദേശം.

മിസ്റ്റർ പി. കെ. ഡിവർ: അങ്ങിനെയുള്ള കേസു കോടതിൽ വരുകയാണെങ്കിൽ കോ ടതിയ്ക്കു കുറെപണം കിട്ടുകയില്ലെ.

മിസ്റ്റർ സി. എ. ഔസേപ്പ്: കോടതിയ്ക്കു കിട്ടും.

മിസ്റ്റർ പി. കെ. ഡിവർ: മറ്റാരുടെ കാര്യത്തിലും കാണിയ്ക്കാത്ത അത്ര ശ്രദ്ധാന്തിയോട്ട കൂടി ഇവരുടെ പണം പിരിച്ചു കൊടുക്കുന്നതുകൊണ്ട ഗവമെണ്ടിനു വല്ല ഫീയവുമുണ്ടോ

മിസ്റ്റർ കെ. അയ്യപ്പൻ: പാലിയം എസ്റ്റേറ്റ ഗവമെണ്ടു ഏറ്റെടുക്കണമോ, വേണ്ട യോ എന്നുള്ളകാര്യത്തിൽ അഭിപ്രായവ്യത്യാസംവരാം. ഗവമെണ്ടു ഏറ്റെടുത്ത സ്ഥിതിയ്ക്ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Ayyappan]

ഇപ്പോൾ കായ്ങ്ങൾ നടത്തിക്കൊണ്ടു പോകുന്നതുമാതിരി നടത്താതിരിക്കാൻ സാധ്യമല്ല.

മിസ്റ്റർ പി. കെ. ഡിവർ: അങ്ങിനെ നടത്തിക്കൊണ്ടുപോകുമ്പോൾ ഗവണ്മെണ്ടിനു വേറൊരു പ്രകാരത്തിൽവരുന്ന നഷ്ടം പരിഹരിക്കാൻ എന്തെങ്കിലും ചെയ്യുന്നുണ്ടോ?

Mr. President: The Hon'ble Member must not be argumentative.

മിസ്റ്റർ പി. കെ. ഡിവർ: ഞാൻ ചോദ്യം വിശദമാക്കാൻവേണ്ടി പറഞ്ഞതാണ്. നഷ്ടം പരിഹരിയ്ക്കാനായി ഗവണ്മെണ്ടു റിക്കവറി ആക്ട് പ്രകാരം പിരിച്ചുകൊടുക്കുന്ന പണത്തിൽനിന്നും എന്തെങ്കിലും അധികമായി ഗവണ്മെണ്ടു എടുക്കുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ കായ്ത്തിൽ പ്രത്യേകമായി ഒന്നും പറയാൻ നിവർത്തിയില്ല. ഇതിനെ സംബന്ധിച്ചു കൂടുതൽ പറയണമെന്നുണ്ടെങ്കിൽ നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡിവർ: ഈ കായ്ത്തെ സംബന്ധിച്ച് ഒന്നാലോചിയ്ക്കാൻ സാധിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആലോചിയ്ക്കാൻ യാതൊരു വിരോധവുമില്ല.

OPENING OF FOOT-PATHS—PARTICULARS OF

24. (43) **Mr. C. V. Iyyu** *(Kunnamkulam)*: Will Government be pleased to state.—

(*a*) whether the Government has commenced the opening of a foot-path in Perimpulavu Village in Kadavallur Panchayat area to connect Maniyarcode Road and Mosque Road with Pattambi Chowghat Road at 20/1 miles;

(*b*) whether the work is proceeding now or not;

(*c*) whether Government are aware of the inconvenience caused to the ryots of the village to take bullocks, manure, seeds, seedlings, etc;

(*d*) whether they are aware of the inconvenience caused to Muslim and Hindu worshippers going to the Mosque and Maniyarcode temple respectively?

Mr. P. Govinda Menon *(Minister for Finance and Law)*:

(*a*) Yes—a portion of it.

(*b*) The work is completed.

(*c*) The lane would be beneficial to cultivators.

(*d*) The temple and mosque have existed there for a long time and no complaints were received till last year. However the road will also provide an easy approach to these places of worship.

NARAKKAL HOSPITAL—MAINTENANCE FOR IN-PATIENTS—PROVISION FOR 1123

25. (60) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) what amount the Government have provided or sanctioned for the maintenance of the in-patients in the Narakkal Hospital for the year 1123;

(*b*) whether the Government have stopped any allotment of this amount; if so, why;

(*c*) what is the daily attendance of this hospital and the number of in-patients or the beds?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) The allotment for the maintenance of the in-patients in the Narakkal dispensary for the year 1123 is Rs. 3,500.

(*b*) No.

(*c*) The average daily attendance of outpatients is 381. The sanctioned number of beds of the hospital is 21.

മിസ്റ്റർ എം. ഐ പോൾ: ബഹുമാനപ്പെട്ട മന്ത്രി അവർകൾ അടുത്തദിവസം ഈ ആസ്പത്രി സന്ദർശിക്കുകയുണ്ടായോ?

മിസ്റ്റർ. സി. എ. ഔസേപ്പ്: ഞാൻ ഞായറ്ക്കൽ ആസ്പത്രി സന്ദർശിച്ചിട്ടുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: എല്ലാകട്ടിലിന്മേലും രോഗികൾ കിടക്കുന്നതായി കണ്ടുവോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ചില കട്ടിലിന്മേൽ രോഗികൾ ഉണ്ടായിരുന്നു.

മിസ്റ്റർ എം. ഐ. പോൾ: കോലായിലും അടുക്കളയിലും രോഗികൾ കിടക്കുന്നതായി കാണുകയുണ്ടായോ?

LIBRARY ARCHIVES Kerala Legislative Assembly